LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വകുപ്പിലെ വാഹനങ്ങളും ഡ്രൈവർമാരും

191 (2061) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും അവയിൽ ലൈറ്റ്-ഹെവി മോട്ടോർ വാഹനങ്ങൾ എത്രവീതമെന്നും ഇപ്പോൾ എത്ര പോലീസ് കോൺസ്റ്റബിൾമാർ (സിവിൽ പോലീസ് ഓഫീസർമാർ) താൽക്കാലിക ഡ്രൈവർമാർ എന്ന നിലയിൽ പോലീസ് വാഹനങ്ങൾ ഓടിക്കുന്നു എന്നും വിശദമാക്കുമോ ?

ഉത്തരം

തിരുവനന്തപുരം സിറ്റി പോലീസ് ജില്ലയിൽ ആകെ 509 പോലീസ് വാഹനങ്ങളുണ്ട്. അവയിൽ 214 എണ്ണം ലൈറ്റ് മോട്ടോർ വാഹനങ്ങളും 35 എണ്ണം ഹെവി/മീഡിയം വാഹനങ്ങളുമാണ്.

തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ ആകെ 312 പോലീസ് വാഹനങ്ങളുണ്ട്. അവയിൽ 154 എണ്ണം ലൈറ്റ് മോട്ടോർ വാഹനങ്ങളും 18 എണ്ണം ഹെവി/മീഡിയം വാഹനങ്ങളുമാണ്.

ഈ രണ്ട് ജില്ലയിലും 44 സിവിൽ പോലീസ് ഓഫീസർമാർ വീതം താൽക്കാലിക ഡ്രൈവർമാർ എന്ന നിലയിൽ പോലീസ് വാഹനങ്ങൾ ഓടിക്കുന്നുണ്ട്.

പോലീസ് വകുപ്പിലെ വാഹനങ്ങളുടെ മെയിന്റനൻസ്

192 (2062) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പോലീസ് വകുപ്പിലെ ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്ക് വാഹനങ്ങൾ റിപ്പയർ ആൻഡ് മെയിന്റനൻസ് നടത്തുന്നതിനുള്ള ധനവിനിയോഗ പരിധി എത്ര രൂപ വരെയാണ് അനുവദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിധി കാലാനുസൃതമായി ഉയർത്തി പോലീസ് വാഹനങ്ങൾക്ക് യഥാസമയം കൃത്യമായി മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുക ?

ഉത്തരം

(എ) ഭരണ വകുപ്പുകൾക്കും, അവയ്ക്ക് കീഴിലുള്ള വകുപ്പ് മേധാവികൾക്കും ധനവിനിയോഗ പരിധി നിശ്ചയിച്ചുകൊണ്ടുള്ള 1-3-2013-ലെ സ.ഉ.(പി) 110/13/ധന നമ്പർ ഉത്തരവാണ് ഇപ്പോൾ നിലവിലുള്ളത്. ഇതുപ്രകാരം സംസ്ഥാന പോലീസ് മേധാവിക്ക് 15,000 രൂപ വരെ ചെലവഴിച്ച് (വാർഷിക ചെലവ് 50,000-ൽ കവിയാതെ) ഓരോ വാഹനത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.